# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.143 | 02.03.2020 ൽ മറുപടിയ്ക്ക്

## വാഹനാപകടങ്ങൾ നിയന്ത്രിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ പത്തുവർഷക്കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർഷം തോറും നേരിയ തോതിൽ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷകാലയളവിൽ ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ വാഹനാപകടങ്ങൾ കൂടുന്നതിനുള്ള കാരണങ്ങൾ പോലീസും ആഭ്യന്തര വകുപ്പും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | വാഹനമോടിക്കുന്നവരുടെ അശ്രദ്ധയും, അമിത വേഗതയും ട്രാഫിക് ഗതാഗത നിയമങ്ങൾ പാലിക്കുന്നതിൽ പൊതുജനങ്ങൾ ജാഗ്രതക്കുറവ് കാണിക്കുന്നതുമാണ് വാഹനാപകടങ്ങൾ കൂടുന്നതിനുള്ള പ്രധാന കാരണം. മാത്രമല്ല, രാത്രികാലങ്ങളിൽ വിശ്രമമില്ലാതെയുള്ള ഡ്രൈവിംഗ്, മദ്യപിച്ചുള്ള ഡ്രൈവിംഗ്, |

| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| 2010 | 35082 |
| 2011 | 35216 |
| 2012 | 36174 |
| 2013 | 35215 |
| 2014 | 36282 |
| 2015 | 39014 |
| 2016 | 39420 |
| 2017 | 38470 |
| 2018 | 40181 |
| 2019 | 41111 |

<table>
<tr><td></td><td></td><td></td><td>ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കൽ, അനധികൃത പാർക്കിംഗ്, ചുവന്ന സിഗ്നൽ ലൈറ്റ് അവഗണിക്കുക, ഹെൽമറ്റും സീറ്റ് ബെൽറ്റും ധരിക്കാതിരിക്കുക എന്നിവയും, വാഹനപ്പെരുപ്പത്തിന് അനുസരിച്ച് റോഡുവീതി കൂട്ടാനായി കാലതാമസം വരുന്നതും അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി ബസ്സുകളും സ്വകാര്യ ബസ്സുകളുമുണ്ടാക്കിയ അപകട കേസ്സുകൾ എത്ര; എത്രപേർ മരണപ്പെട്ടു; അവർക്ക് എന്ത് സഹായം ലഭ്യമാക്കിയെന്ന് അറിയിക്കുമോ;</td><td>(സി)</td><td>കഴിഞ്ഞ 5 വർഷകാലയളവിൽ കെ.എസ്.ആർ.ടി.സി ബസ്സുകളും സ്വകാര്യ ബസ്സുകളും ഉണ്ടാക്കിയ അപകട വിവരങ്ങൾ ചുവടെ ചേർക്കുന്നു. അവർക്ക് ലഭ്യമാക്കിയ സഹായം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.
<table>
<tr><th rowspan="2">വർഷം</th><th colspan="2">കെ.എസ്.ആർ.ടി.സി ബസ്സുകൾ</th><th colspan="2">സ്വകാര്യ ബസ്സുകൾ</th></tr>
<tr><th>അപകട കേസുകൾ</th><th>മരണം</th><th>അപകട കേസുകൾ</th><th>മരണം</th></tr>
<tr><td>2015</td><td>1073</td><td>215</td><td>2701</td><td>382</td></tr>
<tr><td>2016</td><td>983</td><td>187</td><td>2722</td><td>400</td></tr>
<tr><td>2017</td><td>1033</td><td>200</td><td>2396</td><td>405</td></tr>
<tr><td>2018</td><td>892</td><td>201</td><td>2059</td><td>315</td></tr>
<tr><td>2019</td><td>866</td><td>204</td><td>2026</td><td>316</td></tr>
</table></td></tr>
<tr><td>(ഡി)</td><td>ഇത്തരം വാഹനാപകടങ്ങൾ കുറയ്ക്കാനും കുറ്റക്കാരെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കാനുമായി ആഭ്യന്തര വകുപ്പ് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;</td><td>(ഡി)</td><td>അപകടങ്ങൾ കുറക്കുന്നതിനായി സൈൻ ബോർഡുകൾ, സ്പീഡ് ബ്രേക്കറുകൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ ട്രാഫിക് ബീക്കൺ, ചീറ്റ, ഹൈവേ പോലീസ് എന്നിവരുടെ നിരന്തര പരിശോധനയും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ വിദഗ്ധരെ ഉൾപ്പെടുത്തി വാഹനമോടിക്കുന്നവർക്കും കാൽനടയാത്രക്കാർക്കും യുവാക്കൾക്കിടയിലും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.അപകടമുണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു ചാർജ് ഷീറ്റ് സമർപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. മദ്യപിച്ച് വാഹനം ഓടിച്ച് ഒന്നിലധികം തവണ പിടിക്കപ്പെട്ടാൽ 185 MV Act പ്രകാരം</td></tr>
</table>

| | | | |
|---|---|---|---|
| | | | കേസ്സെടുക്കുന്നതിനു പുറമെ ഡ്രൈവിംഗ് ലൈസൻസ് റദ്ദ ചെയ്യുന്നതിന് ബന്ധപ്പെട്ട ആർ.ടി.ഒ മാർക്ക് റിപ്പോർട്ട് നൽകാറുണ്ട്. സുരക്ഷാമാർഗ്ഗങ്ങളായ ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കുന്നതിനും അമിതമായസ്പീഡ് അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ കാരണമായ അപകടങ്ങൾ ഉണ്ടാകുന്നത് കുറയ്ക്കുന്നതിനായി യുവാക്കൾക്കിടയിലും ഡ്രൈവർമാർക്കിടയിലും ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ജനമൈത്രി പോലീസ്, സ്റ്റുഡൻറ് പോലീസ് കേഡറ്റ് എന്നിവരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി വരുന്നു. |
| (ഇ) | 20.02.2020 ൽ തിരുപ്പൂരിൽ നടന്ന കെ.എസ്.ആർ.ടി.സി വോൾവോ ബസ്സപകടം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; എത്രപേർ മരണപ്പെട്ടു; മറ്റു ചികിത്സ ആവശ്യമുള്ളവർ എത്ര; സംസ്ഥാന സർക്കാർ എന്ത് സഹായം ഉറപ്പാക്കി; വിശദമാക്കുമോ? | (ഇ) | അപകടത്തിന് കാരണമായ കെ.എൽ.7 സി. എസ് 6325 എന്ന കണ്ടെയ്നർ വാഹനം ശരാശരി 70 കിലോ മീറ്റർ/ മണിക്കൂർ വേഗതയിൽ ഓടിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ വാഹനം ഹൈവേയിലെ വലത് ഭാഗത്തുള്ള ട്രാക്കിലൂടെ ഓടിച്ചുവരവേ ഡ്രൈവർ പെട്ടെന്ന് ഉറങ്ങിയത് മൂലമോ, ഇടത്തേക്കുള്ള വളവിൽ വാഹനത്തിനുള്ള വേഗത കുറയ്ക്കാതെ തിരിക്കാൻ ശ്രമിച്ചപ്പോൾ സംഭവിച്ച understeer (ആവശ്യാനുസരണം വാഹനം തിരിയാതെ വരുന്ന അവസ്ഥ) മൂലമോ, ഇടത്തോട്ട് തിരിയാതെ വാഹനത്തിന് മുൻവശത്തെ വലത് വീലും ലിഫ്റ്റ് ആക്സിൽ വീലും വലത്ത് ഭാഗത്തെ മീഡിയനിലേക്ക് കയറിയിട്ടുള്ളതായും തുടർന്ന് വലത് വശത്ത് പുറകിലുള്ള ഡ്രൈവ് ആക്സിൽ വീലുകളിൽ ഏറ്റവും പുറത്തുള്ള ടയറും അതിന് പുറകിലുള്ള ടാൻറം ആക്സിൽ വീലുകളിൽ ഏറ്റവും പുറത്തുള്ള ടയറും മീഡിയനിൽ ഉരുണ്ട് പൊട്ടുകയും തുടർന്ന് വീൽ ഡിസ്കുകൾ മാത്രമായി ഏകദേശം 12 ഇഞ്ച് ഉയരത്തിലുള്ള കോൺക്രീറ്റ് തിട്ടയിലൂടെ ഓടുകയും പിന്നീട് ഈ വീലുകളിലെ അകത്തുള്ള ടയറുകൾ കൂടി പൊട്ടുകയും വാഹനം വലത്തോട്ട് ചെരിഞ്ഞതിന് ശേഷം ഇതേ വേഗതയിൽ ഏകദേശം 120 മീറ്റർ ദൂരം സഞ്ചരിച്ച് വലതു ഭാഗത്ത് എതിർദിശയിലേക്കുള്ള ട്രാക്കിലേക്ക് ഇറങ്ങുകയും ഇതിന്റെ ആഘാതത്തിൽ കണ്ടെയ്നർ |

| | | | |
|---|---|---|---|
| | | | ലോക്ക് ചെയ്യാത്തത് കാരണം വാഹനത്തിൽ നിന്ന് ചെരിഞ്ഞ് പൂർണ്ണമായും റോഡിൽ വീഴുകയും ഇതിൽ എതിരെവന്ന കെ.എസ്.ആർ.ടി.സി ബസ് ഇടിക്കുകയുമാണുണ്ടായത്.<br>ഈ അപകടത്തിൽ 19 പേർ മരണപ്പെടുകയും 24 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു.<br>സംസ്ഥാന സർക്കാർ സമയോചിതമായി ഇടപെടുകയും ബഹു.കൃഷി മന്ത്രി ശ്രീ.വി.എസ്.സുനിൽകുമാറിനെ അപകട സ്ഥലത്തേക്ക് അയച്ചിട്ടുള്ളതും രക്ഷാപ്രവർത്തനങ്ങൾക്കും മറ്റ് തുടർ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിട്ടുള്ളതുമാണ്. പാലക്കാട് ജില്ലാ പോലീസ് മേധാവി സ്ഥലത്തെത്തി രക്ഷാപ്രവർത്തനത്തിൽ സഹായിച്ചിട്ടുള്ളതും, 19 ആംബുലൻസുകളിലും പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ച് മൃതദേഹം വീടുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ.**